**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4932** **14-03-2023 - ൽ മറുപടിയ്ക്ക്**

**റോഡ് നവീകരണ പ്രവൃത്തികൾക്കായി എടുക്കുന്ന കുഴികളിൽ വീണ് ഉണ്ടാകുന്ന അപകടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് റോഡുകളുടെ നവീകരണ പ്രവൃത്തികൾക്കായി എടുക്കുന്ന കുഴികളിൽ വീണ് അപകടങ്ങൾ ഉണ്ടാകുന്ന കാര്യം വിശദ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; | (എ) | റോഡ് നവീകരണ പ്രവൃത്തികളുടെ ഭാഗമായി ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട ഏജൻസികൾക്കും എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഏതെങ്കിലും തരത്തിലുള്ള അപാകത കണ്ടെത്തിയാൽ നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ബി) | മേൽനോട്ട സംവിധാനങ്ങളുടെ നിരുത്തരവാദിത്തവും അനാസ്ഥയും കൊണ്ടാണ് ഇത്തരം അപകടങ്ങൾ ഉണ്ടാകുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | റോഡ് നവീകരണ പ്രവൃത്തികളുടെ ഭാഗമായി ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട ഏജൻസികൾക്കും എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഏതെങ്കിലും തരത്തിലുള്ള അപാകത കണ്ടെത്തിയാൽ നടപടികൾ സ്വീകരിക്കാറുണ്ട്. |
| (സി) | കുടിവെള്ള പൈപ്പിടുന്നതിനായി റോഡ് കുഴിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | യൂട്ടിലിറ്റി പ്രവൃത്തികൾ ഏകോപിതമായി നടത്തുന്നതിന് വിശദമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. റോഡു പ്രവൃത്തി തുടങ്ങുന്നതിന് മുമ്പായി തന്നെ RoW Services എന്ന പോർട്ടലിൽ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകി വരുന്നു. ഇതിനനുസൃതമായി പ്രസ്തുത റോഡുകളിൽ കുടിവെള്ള പൈപ്പിടേണ്ടതുണ്ടെങ്കിൽ അത് നേരത്തേ തന്നെ നടപ്പിലാക്കാൻ സൗകര്യമൊരുക്കുന്നു. റോഡു പ്രവൃത്തി നടന്നു കഴിഞ്ഞാൽ ഒരു വർഷത്തിനുള്ളിൽ റോഡ് കട്ടിങ് അനുവദിക്കുന്നതല്ല. റോഡുപ്രവൃത്തിക്കും, കുടിവെള്ള പൈപ്പിടുന്നതിനുമായി സമയക്രമം നിശ്ചയിച്ച നൽകിയിട്ടുണ്ട്. എന്നാൽ അത്യാവശ്യമായിവരുന്ന ലീക്ക് റക്ടിഫിക്കേഷൻ പ്രവൃത്തികൾക്ക് ഇത് ബാധകമല്ല. കൂടാതെ മറ്റു പ്രാധാന്യമർഹിക്കുന്ന |

| | | | |
|---|---|---|---|
| | | | പ്രവൃത്തികളും സർക്കാർ തലത്തിൽ തീരുമാനിച്ച് അനുമതി നൽകുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ